## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1528 05.12.2014-ലെ മറുപടിക്ക്

## മിൽമയുടെ പാൽ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ക്ഷീരകർഷകരിൽ നിന്നും മിൽമ പാൽ സംഭരിക്കുമ്പോൾ വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; ഇത്തരത്തിൽ വില നിശ്ചയിക്കുക വഴി കർഷകർക്ക് അർഹമായ വില പാലിന് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | മിൽമ സംഭരിക്കുന്ന പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭരണസമിതി ആണ്. ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ഉല്പാദനച്ചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനു ശേഷമാണ് മിൽമയുടെ ഭരണസമിതി പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. മിൽമ പാലിന്റെ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിൽ തന്നെയാണ് തീരുമാനം കൈക്കൊള്ളുന്നത്. |
| (ബി) മിൽമയുടെ പാൽ സംഭരണ വില ചാർട്ടിൽ അപാകത ഉണ്ടെന്ന കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വില നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;<br><br>(സി) പാൽ സംഭരണ വില ചാർട്ടിലും, വില നിർണ്ണയ രീതിയിലും ഉണ്ടായ പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ.? | (ബി) & (സി) | മിൽമയിലെ നിലവിലെ പാൽസംഭരണ ചാർട്ടിലെ അപാകത മൂലം കർഷകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. കർഷകർക്ക് ന്യായവില ലഭിക്കുന്നതിലേയ്ക്കായി മിൽക്ക് ചാർട്ട് പരിഷ്കരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മുഖാന്തിരം ഒരു പഠനം നടത്തുകയും അവർ തങ്ങളുടെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പാൽ സംഭരണ ചാർട്ട് പരിഷ്കരിക്കുന്നതിലേയ്ക്കായി ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പഠനം നടത്തുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളുകയും National Dairy Research Institute ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ